**ഇനിയൊരിക്കൽ**

.........................................

ഈ ചതുപ്പുനിലങ്ങളിലൂടെ
നമുക്ക് നടക്കാം;
ഒരുമിച്ച്
കൈകോർത്തുപിടിച്ച്.

നീ കാണുന്നില്ലേ,
കൂട്ടം കൂട്ടമായി
പറന്നകലുന്ന
അരണ്ടപ്പക്ഷികളെ,

ഒഴിഞ്ഞ കൂടുകളും
കൊഴിഞ്ഞ തൂവലുകളും
ശേഷിപ്പുകളായി
അവർ കാത്തുവച്ചിട്ടുണ്ടാവും.

അവർക്കറിയാം,
നിലയ്ക്കാത്ത ചിറകടിയുമായി
പിടയുന്ന
തുണയില്ലാ പക്ഷിയായി,
ആ ഒഴിഞ്ഞ കൂടുകളിൽ
ഒന്നിൽനിന്ന്
ഒന്നിലേക്ക്
ആർത്തിയോടെ
ഞാൻ എത്തുമെന്ന്.

ആ കൊഴിഞ്ഞ തൂവലുകളെ
നെഞ്ചോടുചേർത്ത്
പിടഞ്ഞുഴലുന്ന ഹൃദയത്തെ
പകുത്തുവയ്ക്കുമെന്ന്.

ഇനി കൈവിട്ട്
ഞാൻ ഒരൽപം നടക്കട്ടെ,

ഒരുപക്ഷെ
എന്റെ കാലുകൾ
ആണ്ടുപോയേക്കാം.
നീ കൈ നീട്ടരുത്.

ആഴ്ന്നാഴ്ന്ന്
കഴുത്തറ്റം മുങ്ങിയേക്കാം.
നിന്നിൽ
നിലവിളി ഉയരരുത്.

നീ കാത്തു നിൽക്കണം.
കണ്ണുകൾ അടച്ച്
ധ്യാനത്തിൽ എന്നോണം.

നിനക്ക്
ചിറകുകൾ മുളയ്ക്കുന്നത്
നീ അറിയുന്ന നിമിഷം
കണ്ണുകൾ തുറക്കുക.

അവിടെ
വിടർന്നു നിൽക്കുന്ന
പൂവിലേക്ക്
നീ പറന്നു വരണം.

അത് ഞാനായിരിക്കും.
നിനക്കുവേണ്ടി മാത്രം വിടർന്ന
നിറങ്ങൾ എതുമില്ലാത്ത
ഒരാമ്പൽപ്പൂ.

ഫെമിന